**പതിമൂന്നാം കേരള നിയമസഭ**
**ആറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത**
**ചോദ്യം നം:T. 3265** **21.12.2012ൽ മറുപടിയ്ക്ക്**

## വിദ്യാഭ്യാസ വായ്പ സുതാര്യമാക്കുന്നതിന് നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി | | ശ്രീ. കെ.സി. ജോസഫ് (ഗ്രാമവികസനവും ആസൂത്രണവും സാംസ്ക്കാരികവും നോർക്കയും വകുപ്പുമന്ത്രി) | |
| എ) | സംസ്ഥാനത്തെ ബാങ്കുകളിൽ നിന്ന് വിദ്യാഭ്യാസ വായ്പ അനുവദിക്കുന്നതിന് ചില ബാങ്കുകൾ വിമുഖത കാണിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) | ചില സംഭവങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി) | വിദ്യാഭ്യാസ വായ്പ ലഭ്യമാക്കൽ സുതാര്യമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് കൈകൊണ്ടിട്ടുള്ള തെന്ന് വ്യക്തമാക്കാമോ: | ബി) | വിദ്യാഭ്യാസ വായ്പയുടെ പൊതുമാർഗ്ഗ നിർദ്ദേശങ്ങൾ അടങ്ങുന്ന പോസ്റ്റർ സംസ്ഥാനത്തെ എല്ലാ ബാങ്ക് ശാഖകകളിലും ജനങ്ങൾക്ക് അവബോധം ഉണ്ടാക്കു ന്നതിനായി പ്രദർശിപ്പിച്ചിട്ടുണ്ട്.<br><br>എല്ലാ ജില്ലയിലും ജില്ലാ കളക്ടർ അദ്ധ്യക്ഷനായുള്ള സമിതി വിദ്യാഭ്യാസ വായ്പാ പരാതികളിൽ തീർപ്പുകൽപ്പിക്കുന്നതിനായി രൂപീകരിച്ചിട്ടുണ്ട്. ഇതിൽ ജില്ലാ ലീഡ് ഡിസ്ട്രിക്റ്റ് മാനേജരും, ജില്ലാ പ്ലാനിംഗ് ഓഫീസറും അംഗങ്ങളാണ്. |

വിദ്യാഭ്യാസ വായ്പയെക്കുറിച്ച് ലഭിക്കുന്ന പരാതികൾ SLBC/ലീഡ് ബാങ്ക് മുഖേന അതാതു ബാങ്കുകളുടെ മേലധികാരികളുടെ ശ്രദ്ധയിൽപ്പെടുത്തി പരിഹാരം കണ്ടു വരുന്നു.

| | | | |
|---|---|---|---|
| സി) | വായ്പ നിഷേധിക്കുന്ന ബാങ്കുകൾക്കെതിരെ എന്തെല്ലാം നടപടികളാണ് കൈകൊള്ളുന്നതെന്ന് വിശദമാക്കാമോ: | സി) ഡി) & ഇ) | നിലവിലുള്ള ഇന്ത്യൻ ബാങ്കേഴ്സ് അസോസിയേഷൻ മാർഗ്ഗ നിർദ്ദേശങ്ങൾ പാലിക്കാതെയാണ് ലോൺ നിഷേധിച്ചതെങ്കിൽ ആ കാര്യം സ്റ്റേറ്റ് ലെവൽ ബാങ്കേഴ്സ് സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തി ബന്ധപ്പെട്ട ബാങ്കുകളോട് ലോൺ ലഭ്യമാക്കാൻ ആവശ്യപ്പെട്ടുവരുന്നു. വിദ്യാഭ്യാസ വായ്പ നിഷേധിച്ചതുമായി ബന്ധപ്പെട്ട് 820 പരാതികൾ SLBC യ്ക്ക് ലഭിച്ചിട്ടുണ്ട്. വായ്പ നിഷേധിക്കുന്ന ബാങ്കുകൾക്കതിരെ നടപടിയെടുക്കാൻ സർക്കാരിന് പരിമിതികളുണ്ട്. |
| ഡി) | വിദ്യാഭ്യാസ വായ്പ നിഷേധിച്ച എത്ര പരാതികൾ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടെന്ന് വ്യക്തമാക്കുമോ: | | |
| ഇ) | വായ്പ നിഷേധിച്ച ബാങ്കുകൾ ക്കെതിരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ? | | |

Swapna.

സെക്ഷൻ ഓഫീസർ.